# വിശ്വാസി
ക്രിസ്തീയ വിശ്വാസത്തിൻെറ പ്രതീകം

VOL. 19 No. 05 | PUBLISHED FROM DELHI | PRICE Rs. 3/- | MAY 2015


# ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ രജതജൂബിലി ആഘോഷിക്കുന്നു

**ന്യൂഡൽഹി:** ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ സിൽ വർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി 2015 മെയ് 17ന് വൈകിട്ട് 5.30 മുതൽ 8.30 വരെ ന്യൂഡൽഹി വൈ.എം.സി.എ. ആഡിറ്റോറിയത്തിൽ വച്ച് സ്തോത്ര ശുശ്രൂഷ നടക്കും. ജൂബിലി ആഘോഷം ബഹുമാന്യ ജഡ്ജി ശ്രീ. ജോർജ് പാറക്കൻ ഉദ്ഘാടനം ചെയ്യും. പോക്കറ്റ് ടെസ്റ്റമെന്റ് ലീഗ് ഇൻഡ്യാ ഡയറക്ടർ റവ. പി.സി. അലക്സാണ്ടർ മുഖ്യ സന്ദേശം നൽകും. പ്രസ്തുത യോഗത്തിൽ വച്ച് സിൽവർ ജൂബിലിയോടനുബന്ധിച്ച് പുറത്തിറക്കുന്ന സ്മരണികയുടെ പ്രകാശനവും നടക്കും.

സുവിശേഷീകരണ പ്രവർത്തനങ്ങളും അനുബന്ധമായ സാമൂഹിക സേവനങ്ങളും വഴി ഗ്രാമപ്രദേശങ്ങളുടെ മുഖച്ഛായ മാറ്റിവരച്ച ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങൾ ഇരുപത്തിയഞ്ച് വർഷം പൂർത്തിയാക്കുകയാണ്. പാസ്റ്റർ എം. സാമുവൽകുട്ടിക്ക് ദൈവം നൽകിയ ദർശനപ്രകാരം 1990 മാർച്ച് 11ന് ഡൽഹിയിൽ ആരംഭിച്ചതാണ് ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ.

ഉത്തരേന്ത്യയിലെ സാമൂഹിക- ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ഏറെ പ്രാധാന്യം നൽകിയാണ് ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സുവിശേഷീകരണ ദൗത്യം നിർവ്വഹിക്കുന്നത്. നോർത്ത് ഡൽഹിയിലെ കിങ്ങ്സ്വേ ക്യാമ്പിൽ ആരംഭിച്ച ചെറിയ കൂട്ടിവരവാണ് ഐ. സി. എമ്മിന്റെ സഭാവിഭാഗമായ ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിന്റെ പ്രഥമ സഭ.

തുടർന്ന് ഡൽഹിയിൽ തന്നെ ഹൗസ് ഖാസ്, കാൽക്കാജി, നോയിഡ എന്നിവിടങ്ങളിലും സഭകളാരംഭിച്ചു. വൈകാതെ തന്നെ ബീഹാറിലും കേരളത്തിലും സഭാ പ്രവർത്തനവും ജീവകാരുണ്യ പ്രവർത്തനങ്ങളും വ്യാപിച്ചു.




ബീഹാറിലെ നിരവധി ഗ്രാമങ്ങളിലേക്ക് സുവിശേഷ വെളിച്ചവുമായി നിരന്തരം പാസ്റ്റർ സാമുവൽകുട്ടിയും പ്രവർത്തകരും കടന്നു ചെന്നു. പ്രാഥമിക വിദ്യാഭ്യാസ സൗകര്യം പോലും ലഭിക്കാതിരുന്ന നിർദ്ധനരായ കുഞ്ഞുങ്ങൾക്കുവേണ്ടി ബിഹാറിലെ റോത്താസ് ജില്ലയിലെ ഗ്രാമങ്ങളായ കോച്ചസ്, ഹെൽഹാൻ, ഖുടൂഹൂരിയ എന്നിവിടങ്ങളിൽ ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളുകൾ ആരംഭിച്ചു. കഴിഞ്ഞ പതിനെട്ടു വർഷത്തെ ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളുകളുടെ പ്രവർത്തനത്തിലൂടെ നൂറുകണക്കിന് വിദ്യാർത്ഥികൾക്ക് അറിവിന്റെ വെളിച്ചം പകർന്നു നൽകാനും ഉന്നതവിദ്യാഭ്യാസം ആർജിക്കുവാൻ യോഗ്യരാക്കുകയും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുവാനും കഴിഞ്ഞതിൽ ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ പ്രവർത്തകർക്ക് ചാരിതാർത്ഥ്യം ഉണ്ട്. തിരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് സൗജന്യമായ അടിസ്ഥാന വിദ്യാഭ്യാസം, ആഹാരം, വസ്ത്രം, വൈദ്യസഹായം എന്നിവ നൽകുന്ന കോച്ചസ് ചൈൽഡ് ഡവലപ്മെന്റ് സെന്റർ 2002 ൽ ആരംഭിച്ചു. സമീപ ഗ്രാമങ്ങളായ ഖുടൂഹൂരിയ, സെൻന്തുവാർ, പനൈലി, നൗവാ, ഗാസ്സ എന്നിവിടങ്ങളിൽ ഐ.സി.എം. അക്കാദമികൾ ആരംഭിച്ചു.

സ്വയം തൊഴിൽ കണ്ടെത്താനായി നിർദ്ധനരായ യുവതീയുവാക്കൾക്ക് തൊഴിൽ പരിശീലന പരിപാടികളും മിഷൻ നടത്തിവരുന്നു. അർഹരായവരും പഠനത്തിൽ നിലവാരം പുലർത്തുന്നവരുമായ വിദ്യാർത്ഥിനി-വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായം എല്ലാവർഷവും നൽകി വരുന്നു.

ഭവനരഹിതരായ രണ്ട് കുടുംബങ്ങൾക്ക് വീട് വച്ച് നൽകുവാൻ ഐ. സി. എമ്മിനെ ദൈവം സഹായിച്ചു.

ക്രമീകൃത വേദപഠനത്തിന് ഒരു പുതിയ കാൽവെപ്പ് എന്ന നിലയിലാണ് ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് 2006 ൽ അടൂരിൽ ആരംഭിച്ചത്. കഴിഞ്ഞ ഏഴ് ഗ്രാഡുവേഷനിലൂടെ 100 സുവിശേഷകരെ സുവിശേഷ വയലിലെത്തി

(ശേഷം രണ്ടാം പേജിൽ)

# റവ. ഡോ. ജോൺലി വേങ്ങയിലിനെ എൻ.പി.പി.എഫ് അനുമോദിച്ചു

**ന്യൂഡൽഹി:** 2015 ഏപ്രിൽ 11ന് ഡൽഹി ലോധി റോഡ് മെതഡിസ്റ്റ് ചർച്ചിൽ വച്ച് നടന്ന നാഷണൽ പാസ്റ്റേഴ്സ് പ്രയർ ഫെല്ലോഷിപ്പി(എൻ.പി.പി.എഫ്.)ന്റെ പത്താം വാർഷിക സമ്മേളനത്തിൽ വച്ച് റവ.ഡോ. ജോൺലി വേങ്ങയിലിനെ അനുമോദിച്ചു. ഐ.സി.എം. പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി അദ്ദേഹത്തിന് അനുമോദന ഫലകം കൈമാറി. വിശാഖപട്ടണം സെന്റ് പോൾസ് തിയോളജിക്കൽ സെമിനാരിയിൽ നിന്നും പുതിയ നിയമത്തിൽ പി.എച്ച്.ഡി കരസ്ഥമാക്കിയതിനാലാണ് അദ്ദേഹത്തെ അനുമോദിച്ചത്.

ഇടുക്കി ജില്ലയിലെ വാകമൺ മലയിൽപുതുവലിലെ വേങ്ങയിൽ പാസ്റ്റർ കെ.ജെ. ജോണിന്റെയും ലില്ലി ജോണിന്റെയും മകനായ ഡോ. ജോൺലി 1996-ൽ ഹരിയാന ഗ്രേസ് ബൈബിൾ കോളജിൽ നിന്നും ഡി.റ്റി.എച്ചും 2009 ൽ വിശാഖപട്ടണത്തുള്ള സെന്റ് പോൾസ് സെമിനാരിയിൽ നിന്ന് ബി.റ്റി.എച്ചും 2012ൽ അതേ കോളജിൽ നിന്നും എം.ഡിവും കരസ്ഥമാക്കിയിട്ടുണ്ട്. സഭാശുശ്രൂഷകൻ, വേദാധ്യാപകൻ, പ്രഭാഷകൻ എന്നീ നിലകളിൽ പ്രവർത്തിക്കുന്ന ഡോ. ജോൺലി ഡൽഹി അസാദ്പൂരിൽ രഹബോത്ത് ബൈബിൾ ചർച്ചിന്റെ സ്ഥാപക പ്രസിഡന്റായും ഇന്റർനാഷണൽ ബിബ്ലിക്കൽ ട്രെയിനിംഗിന്റെ ഇന്ത്യൻ പ്രതിനിധിയായും സേവനം അനുഷ്ഠിക്കുന്നു. ആനി ജോൺലി ഭാര്യയും ഗോഡ്‌വിൻ മകനുമാണ്.




റവ.ഡോ. ജോൺലി വേങ്ങയിലിന് ഐ.സി.എം. പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി അനുമോദന ഫലകം കൈമാറുന്നു

# രജതജൂബിലി ആഘോഷം കേരളത്തിലും

**അടൂർ:** ഇന്ത്യൻ ക്രിസത്യൻ മിഷന്റെ സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി കേരളാ റീജന്റെ ആഭിമുഖ്യത്തിൽ 2015 ജൂൺ 7ന് വൈകിട്ട് 5 മണി മുതൽ 8.30 വരെ അടൂർ ലോഗോസ് ആഡിറ്റോറിയത്തിൽ വച്ചും സ്തോത്ര ശുശ്രൂഷ നടക്കും. ഐ.സി.എം. കേരളാ റീജൻ കോ-ഓർഡിനേറ്റർ പാസ്റ്റർ എബി ജോർജിന്റെ അദ്ധ്യക്ഷതയിൽ നടക്കുന്ന സമ്മേളനം കേരളാ റവന്യൂ വകുപ്പ് മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. പത്തനംതിട്ട എം.പി. ശ്രീ ആന്റോ ആന്റണി സ്മരണിക പ്രകാശനം ചെയ്യും. അടൂർ എം.എൽ.എ. ശ്രീ. ചിറ്റയം ഗോപകുമാർ വിദ്യാഭ്യാസ ധന സഹായം ഉദ്ഘാടനം ചെയ്യും. റവ. ജോയി എം. ജോർജ് മുഖ്യ പ്രഭാഷണം നടത്തും. അടൂർ മുൻസിപ്പൽ കോർപ്പറേഷൻ ചെയർമാൻ ശ്രീ. ഉമ്മൻ തോമസ്, വിവിധ സഭാ നേതാക്കൾ എന്നിവർ ആശംസകൾ അറിയിക്കും.ഐ.സി.എം. പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി ആമുഖ സന്ദേശം നൽകും. ഐ.സി.എമ്മിന്റെ സംഗീത വിഭാഗമായ ഫെയ്ത്ത് സീയോൻ സിംഗേഴ്സ് ഗാനങ്ങളാലപിക്കും.

സമ്മേളനത്തിന്റെ വിജയത്തിനായി വിവിധ കമ്മിറ്റികൾ പ്രവർത്തിക്കുന്നു.

***ഉൾപേജുകളിൽ...***


സോഷ്യൽ മീഡിയ: സത്യവും മിഥ്യയും: പാസ്റ്റർ എം.സാമുവൽകുട്ടി

ദൈവിക ത്രിത്വം : പാസ്റ്റർ മനോജ് തമ്പി, അടൂർ

ക്രൂശിന്റെ സന്ദേശം: പാസ്റ്റർ സോളമൻ പി. വിളക്കുടി

മാധ്യമസംസ്കാരവും ചതിക്കുഴികളും :ഇവാ. ജോൺ സാമുവൽ മണക്കാല

പത്രാധിപ ലേഖനം.......

# സോഷ്യൽ മീഡിയ: സത്യവും മിഥ്യയും



സങ്കേതികവിദ്യ മാനം മുട്ടെ വളർന്നുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. കമ്പ്യൂട്ടറും ഇന്റർനെറ്റും സ്മാർട്ട് ഫോണുമൊക്കെ ആശയവിനിമയത്തിനുള്ള അനിവാര്യ ഘടകങ്ങളായി മാറിയിരിക്കുന്നു. ഞൊടിയിടയിൽ ആശയവിനിമയം നടക്കാവുന്ന തരത്തിൽ, ആഗോളഗ്രാമത്തെ ചുരുക്കിക്കൂട്ടാവുന്ന വിധം നമ്മൾ നിൽക്കുന്ന ഇടം, സമയം എന്നിവ മൊബൈൽ ഫോണുകളിലെ ഇന്റർനെറ്റ് സൗകര്യത്തിന് പ്രശ്നമില്ലാതായിരിക്കുന്നു. നാടിന്റെ ചുവരെഴുത്തായി സോഷ്യൽ മീഡിയകളും മാറിയിരിക്കുന്നു. ഫെയ്സ്ബുക്കും ടിറ്ററും ഉൾപ്പെടെയുള്ള അസംഖ്യം സോഷ്യൽ മീഡിയ വേദികൾ ലോകക്രമത്തെ തന്നെ മാറ്റിമറിച്ചു എന്ന് പറയേണ്ടിയിരിക്കുന്നു. ഇൻറർനെറ്റിന്റെ വിശേഷിച്ച് സോഷ്യൽ മീഡിയ നെറ്റ്‌വർക്കുകളുടെ ഉപയോഗം ഗുണദോഷ സമ്മിശ്രമാണ്. ഇത് ഉപയോഗത്തിൽ മിതമായില്ലെങ്കിൽ സങ്കീർണ്ണ പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടിവരും.

ഒരു മിനിട്ടിനുള്ളിൽ സൈബർലോകത്ത് എന്ത് നടക്കുന്നു എന്നത് മനുഷ്യജീവിതം ഇൻറർനെറ്റുമായി എത്രത്തോളം ഇഴുകിച്ചേർന്നിരിക്കുന്നു എന്നതിന്റെ തെളിവാണ്. സോഷ്യൽ നെറ്റ് വർക്കിങ്ങ്, ബ്ലോഗിങ്ങ്, ഇ-മെയിലിങ്ങ്, ഫോട്ടോ ഷെയറിങ്ങ്, സെർച്ചിങ്ങ് തുടങ്ങിയ മേഖലകളിൽ സൈബർ ഉപയോക്താക്കൾ നിരന്തരം വിഹരിച്ചുകൊണ്ടിരിക്കുന്നു. ഗോ ഗ്ലോബ്. കോം എന്ന വെബ് പോർട്ടൽ നടത്തിയ പഠന റിപ്പോർട്ട് അനുസരിച്ച് ഗൂഗിൾ സെർച്ച് എഞ്ചിൻ ഉപയോഗിക്കുന്നവരുടെ എണ്ണം മിനിട്ടിൽ ഇരുപത് ലക്ഷത്തിലധികമാണ്. ഒരു സെക്കന്റിൽ ഒരു ലക്ഷം പേർ ഫേയ്സ്ബുക്ക് സന്ദർശിക്കുന്നു. ഒരു മിനിട്ടിൽ അറുപത് ലക്ഷം പേർ ഫേയ്സ്ബുക്കിൽ തങ്ങളുടെ സുഹൃത്തുക്കളുമായി ആശയവിനിമയം നടത്തുന്നു. അതിൽ ലൈക്ക് ചെയ്യുന്നവരുടെ എണ്ണം മിനിട്ടിൽ മൂന്ന് ലക്ഷമാണ്. മൈക്രോ ബ്ലോഗിങ്ങ് സൈറ്റായ ടിറ്ററിൽ വന്ന് നിറയുന്ന ടീറ്റുകളുടെ എണ്ണം മിനിട്ടിൽ ഒരു ലക്ഷത്തിലധികം വരും. ഒരോ മിനിട്ടിലും ചുരുങ്ങിയത് 32 പേരെങ്കിലും ടിറ്ററിൽ പുതുതായി വന്നു ചേർന്നുകൊണ്ടിരിക്കുന്നു. ഫോട്ടോ ഷെയറിങ്ങ് സൈറ്റായ ഫ്ളിക്കറിൽ മിനിട്ടിൽ വന്നു നിറയുന്ന ഫോട്ടോകളുടെ എണ്ണം മൂവായിരത്തിൽ അധികമാണ്. അപ്‌ലോഡ് ചെയ്യപ്പെടുന്ന ഫോട്ടാകൾ കാണാനെത്തുന്നവരുടെ എണ്ണം രണ്ടു കോടിയിലധികമാണ്. ഇ-മെയിൽ വിലാസം വഴി ഒരോ മിനിട്ടിലും രണ്ടു കോടി മെയിലുകളാണ് കൈമാറിക്കൊണ്ടിരിക്കുന്നത്. വിക്കിപീഡിയയിൽ മിനിട്ടിൽ ആറു പേജുകൾ എങ്കിലും പുതുതായി ചേർക്കപ്പെടുന്നുണ്ടെന്നാണ് കണക്ക്. ഇ- കൊമേഴ്സ് സൈറ്റായ ആമസോൺ മിനിട്ടിൽ 4230 രൂപയുടെ കച്ചവടം നടത്തുമ്പോൾ ഐ ഫോൺ ബ്ളാക്ക്ബെറി, ആൻഡ്രോയ്ഡ് ഫോണുകളുടെ അമ്പതിനായിരം ആപ്ലിക്കേഷനുകളാണ് മിനിട്ടിൽ ഡൗൺലോഡ് ചെയ്യുന്നത്. മിനിട്ടിൽ ആറര ലക്ഷം ജി.ബി ഡേറ്റ നെറ്റിലൂടെ ഇടതടവില്ലാതെ പ്രവഹിച്ചുകൊണ്ടിരിക്കുന്നു എന്നത് വളരെ അത്ഭുതാവഹമാണ്. ഗൂഗിളിന്റെ വീഡിയോ പങ്കിടൽ സൈറ്റായ യൂടൂബിൽ നാനൂറ് കോടി വീഡിയോകൾ കാണുന്നുവെന്നാണ് റോയിറ്റേഴ്സ് വാർത്താ ഏജൻസി നൽകുന്ന വിവരം. ഇപ്പോൾ ഓരോ മിനിട്ടിലും അറുപത് മണിക്കൂർ ദൈർഘ്യമുള്ള വീഡിയോകളാണ് യൂടൂബിൽ എത്തുന്നത്. ഈ കണക്കുപ്രകാരം ഒരു ദിവസം യൂടൂബിലെത്തുന്ന മുഴുവൻ വീഡിയോകളും കണ്ടുതീർക്കാൻ ഏതാണ്ട് പത്ത് വർഷമെങ്കിലും വേണ്ടിവരും.

സാമൂഹികമായ ആശയവിനിമയം സാധ്യമാക്കുന്ന ഫേസ്ബുക്ക്, ടിറ്റർ, മൈസ്പേസ്, ക്ലബ് പെൻഗിൻ, സെക്കൻഡ് ലൈഫ്, ലിങ്ക്ഡ്-ഇൻ, വീഡിയോ സൈറ്റായ യൂടൂബ്, ബ്ലോഗുകൾ എന്നിവയൊക്കെ സോഷ്യൽ മീഡിയ നെറ്റ്‌വർക്കിൽ പെടും. ഈ അടുത്തകാലത്ത് അമേരിക്കൻ ഐക്യനാടുകളിൽ നടത്തിയ ഒരു സർവ്വേ പ്രകാരം കൗമാരക്കാരിൽ 22% പേരും ദിവസത്തിൽ പത്തു പ്രാവശ്യത്തിൽ കൂടുതൽ തങ്ങളുടെ ഇഷ്ടപ്പെട്ട സോഷ്യൽ നെറ്റ്‌വർക്ക് സൈറ്റുകളിൽ കയറുന്നവരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. 50% പേരും ദിവസേന ഒരു തവണയിൽ കൂടുതൽ ഇത്തരം സൈറ്റുകളിൽ സന്ദർശിക്കുന്നവരാണ്. കുട്ടികളിൽ 75% പേരും സ്മാർട്ട് ഫോൺ ഉപയോഗിക്കുന്നവരും അവരിൽ തന്നെ 25% പേരും മൊബൈൽ വഴി ഇത്തരം സൈറ്റുകളിൽ കയറുന്നവരുമാണ്. പഠനത്തിന്റെ ഭാഗമായ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും സർഗ്ഗാത്മകമായ കാര്യങ്ങളുടെ വികസനത്തിനും ഇവ കുട്ടികളെ സഹായിക്കുന്നു എങ്കിലും പക്വതയില്ലായ്മ അവരെ തിന്മകളിലേക്ക് വലിച്ചിഴയ്ക്കുന്നു. മൂന്നര കോടി കേരളീയരിൽ കുട്ടികളുൾപ്പെടെ 70% ത്തിനും മേലെയാണ് സോഷ്യൽ നെറ്റ്‌വർക്കിൽ അംഗത്വമുള്ളവർ. ആശംസകൾ നേരാനും ചെയ്തതും ചെയ്യാനിരിക്കുന്നതുമായ കാര്യങ്ങൾ മറ്റുള്ളവരിലെത്തിക്കാനും ഇതെല്ലാം ഉപയോഗിക്കുന്നത് നല്ലതാണെങ്കിലും പലരും ഇതിനു പിന്നിലുള്ള ചൂഷണവും കച്ചവടതാത്പര്യവും മനസ്സിലാക്കുന്നില്ല.

കേന്ദ്ര ഐ.ടി നിയമത്തിലെ 66എ വകുപ്പ് സുപ്രീംകോടതി റദ്ദാക്കിയതോടെ ആവിഷ്കാര സ്വാതന്ത്ര്യം വീണ്ടെടുത്ത സൈബർ തൊഴിലാളികൾ പൂർവ്വാധികം ഊർജ്ജസ്വലരായിരിക്കുകയാണ്. അതുകൊണ്ടുതന്നെ സോഷ്യൽ മീഡിയയുടെ ദുരുപയോഗം ഇനിയും വർദ്ധിക്കുവാൻ സാദ്ധ്യതയേറെയാണ്. ഫെയ്സ്ബുക്കിലൂടെയും മറ്റും പ്രചരിപ്പിക്കപ്പെടുന്ന അപവാദങ്ങളിൽ മനംനൊന്ത് സ്വയം ജീവനെടുക്കുന്നവരുടെ കഥകൾ നാം കേട്ടുകൊണ്ടിരിക്കുന്നു. യുവാക്കൾ മാത്രമല്ല, വിദ്യാർത്ഥികളും വീട്ടമ്മമാർ പോലും ഇതിന്റെ ആസക്തരായി മാറിയത് മൂലം വിലപ്പെട്ട അവരുടെ സമയം വൃഥാ പാഴാക്കുന്നു. വിദ്യാർത്ഥികളുടെ പഠനത്തെയും ഭാവിയേയും ഇത് ബാധിക്കുന്നു. ഫെയ്സ്ബുക്കിലൂടെ ലോകമെമ്പാടുമുള്ള ജനതയുമായി സംവദിക്കുന്ന അമേരിക്കൻ പ്രസിഡന്റ് ബറാക്ക് ഒബാമ തന്റെ മക്കളുടെ ഫെയ്സ്ബുക്ക് ഉപയോഗത്തിന് നിയന്ത്രണം ഏർപ്പെടുത്തിയത് വാർത്താപ്രാധാന്യം നേടിയിരുന്നു. പഠിക്കുന്ന കാലത്ത് മക്കൾ അതിനടിപ്പെടുന്നതിന്റെ ഭവിഷ്യത്ത് ഭയന്നാണ് വിലക്കേർപ്പെടുത്തിയത് എന്ന് അദ്ദേഹം വിശദീകരിക്കുകയുണ്ടായി. ഫെയ്സ്ബുക്കടക്കമുള്ള സോഷ്യൽ മീഡിയകളുടെ ഉപയോഗത്തിന് നിയന്ത്രണമേർപ്പെടുത്തേണ്ടതിന്റെ അനിവാര്യതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. നിയമങ്ങൾ കൊണ്ടോ, പോലീസ് നിരീക്ഷണം ശക്തമാക്കിയതുകൊണ്ടോ മാത്രം ഇതിന്റെ ദുരുപയോഗവും ഭവിഷത്തും തടയാനാകില്ല. രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും പങ്കാളിത്തം കൂടി ഇതിനാവശ്യമാണ്. ശരിയായ ബോധവത്ക്കരണം തന്നെയാണ് ഫലപ്രദമായ മാർഗ്ഗം.

ഇൻറർനെറ്റ്, സോഷ്യൽ മീഡിയ തുടങ്ങിയ വിവരസാങ്കേതികവിദ്യയിലൂടെ പൊതുവിജ്ഞാനവും നൂതന ശാസ്ത്ര അറിവുകളും നേടുവാൻ സാധിക്കുന്നു. അപ്പോൾതന്നെ 'നെറ്റി'ന്റെ ദുരുപയോഗത്തെക്കുറിച്ച് മറ്റാരേക്കാളും നിരീക്ഷിക്കേണ്ടതും ബോധവാന്മാരാകേണ്ടതും രക്ഷിതാക്കളാണ്. മുതിർന്നവർ, വിശേഷാൽ മാതാപിതാക്കൾ തലമുറകളുടെ മുമ്പിൽ മാതൃകയോടുകൂടി ജീവിക്കുകയും കുട്ടികൾക്കു വേണ്ടുന്ന മാർഗ്ഗനിർദ്ദേശങ്ങളും വേദോപദേശങ്ങളും യഥാസമയങ്ങളിൽ നൽകുകയും വേണം. 'ബാലൻ നടക്കേണ്ടുന്ന വഴി അവനെ അഭ്യസിപ്പിക്ക' എന്ന വേദസൂക്തം ഇവിടെ പ്രസക്തമാണ്. ഒരു ചിന്തകൻ ഇപ്രകാരം പറഞ്ഞു: 'ബാലൻ നടക്കേണ്ടുന്ന വഴി അവനെ അഭ്യസിപ്പിക്ക; നീയും അങ്ങനെ നടന്നു കാണിക്ക, അവൻ വൃദ്ധനായാലും അത് വിട്ടുമാറുകയില്ല.'

നാം ഈ ലോകത്തിൽ പാർക്കുമ്പോൾ തന്നെ ഈ ലോകക്കാരല്ല എന്ന് മനസ്സിലാക്കി തിരുവചന സത്യങ്ങൾ അനുസരിച്ച് വിവേചന ബുദ്ധിയോടെ തെറ്റും ശരിയും തിരിച്ചറിഞ്ഞ്, ഈ ലോകത്താലുള്ള കളങ്കം പറ്റാതെ വിജയകരമായ വിശുദ്ധ ജീവിതം നയിച്ച് നിത്യതയിലേക്കുള്ള യാത്ര തുടരാം.

പാസ്റ്റർ എം. സാമുവൽകുട്ടി

(ഒന്നാം പേജിൽ നിന്നുള്ള തുടർച്ച)

## രജതജൂബിലി ആഘോഷിക്കുന്നു

ക്കുവാൻ കോളജിനു കഴിഞ്ഞു.

ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ എല്ലാ പ്രവർത്തനങ്ങളുടേയും മൂലധനം വിശ്വാസമാണ്. മിഷന്റെ പ്രവർത്തനങ്ങളിൽ വലിയ വളർച്ച ഈ 25 വർഷത്തെ കാലഘട്ടത്തിനിടയിൽ ഉണ്ടായി. പ്രത്യക്ഷവും പരോക്ഷവുമായി അനേകജീവിതങ്ങളെ സഹായിക്കുവാനും സ്വാധീനിക്കുവാനും ഐ.സി.എമ്മിന് കഴിഞ്ഞിട്ടുണ്ട്. ഭാരതത്തിന്റെ ഓരോ കോണിലും ഉളവായി വരുന്ന രക്ഷണ്യ സുവിശേഷത്തെ പാനം ചെയ്യുവാനുള്ള ദാഹം ഒരുണർവ്വിലേക്ക് രാജ്യത്തെ നയിച്ചുകൊണ്ടിരിക്കുമ്പോൾ കർത്താവിന്റെ വേലയിൽ പങ്കാളികൾ എന്ന നിലയിൽ സുവിശേഷീകരണത്തിലും മറ്റ് ജീവികാരുണ്യ പ്രവർത്തനങ്ങളിലും നിശ്ചയദാർഢ്യത്തോടെ മുന്നേറുവാനാണ് ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ ആഗ്രഹിക്കുന്നത്. കഴിഞ്ഞ 25 വർഷങ്ങളായി ഈ പ്രവർത്തനത്തെ വിവിധ നിലകളിൽ സഹായിക്കുന്ന എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി.

## മാധ്യമ സംസ്കാരവും ചതിക്കുഴികളും

(നാലാം പേജിൽ നിന്നുള്ള തുടർച്ച)

പലരും തലപുകഞ്ഞ് ആലോചിക്കുകയാണ്. പല വിദഗ്ദ്ധരുടെയും അഭിപ്രായം ഓഡിയോ വിഷ്വൽ മീഡിയായുടെ ഇഫെക്ടാണിതിന് കാരണമെന്നാണ്.

സഹിഷ്ണത, സ്നേഹം, അനുകമ്പ തുടങ്ങിയ വികാരങ്ങൾക്കു പകരം കൊല്ലും കൊലയും കള്ളക്കടത്തും മറനീക്കിയ നഗ്നതാ പ്രദർശനങ്ങളും ലൈംഗിക വേഴ്ചകളും ഒക്കെ മാന്യതയുടെ ലക്ഷണമായി ചിത്രീകരിക്കുന്ന മാധ്യമങ്ങൾ കുഞ്ഞുങ്ങളിലെ ആർദ്രവികാരങ്ങളെ അസ്ഥാനത്തെത്തിക്കുന്നു. ശരി തെറ്റുകളുടെ അതിർത്തിവരമ്പായ മനസാക്ഷി രൂപപ്പെട്ടു വരുന്നതും സഭ്യതയുള്ള പെരുമാറ്റത്തിന്റെ അടിസ്ഥാനനിയമങ്ങളും സഹജീവികളോടുള്ള സാമൂഹിക പ്രതിബദ്ധതയും കുട്ടികൾ മാതാപിതാക്കളിൽ നിന്നും സമ്പർക്ക മാധ്യമങ്ങളിൽ നിന്നും കണ്ടുപഠിക്കുന്ന കാലഘട്ടം ശ്രദ്ധേയമാണ്. ധാർമ്മിക മൂല്യങ്ങളും ചിട്ടയായ സ്വഭാവങ്ങളും തലമുറകളെ പരിശീലിപ്പിക്കണം. വ്യക്തികളിൽ മൂല്യപോഷണം നൽകുന്ന മേഖലകളാണ് കുടുംബം, വിദ്യാഭ്യാസം, മാധ്യമം തുടങ്ങിയവ.

ഇതിൽ മാധ്യമങ്ങൾക്ക് കച്ചവടക്കണ്ണു തുറന്നപ്പോൾ തലമുറകളിലാണ് അവയുടെ ദുഷിച്ച സ്വാധീനം ഏറ്റവും കൂടുതൽ അനുഭവപ്പെട്ടത്.

വിജ്ഞാനം, ഉൽകൃഷ്ട ദർശനങ്ങൾ, സ്നേഹമയവും പരോപകാരപ്രദവുമായ പെരുമാറ്റം, ആത്മസംയമനം, സത്യസന്ധത, സഹകരണ മനോഭാവം, ദൈവോന്മുഖം തുടങ്ങിയ ഗുണങ്ങളിലും മൂല്യങ്ങളിലും മാധ്യമങ്ങൾ വിഷം ചേർത്തുകൊണ്ടിരിക്കുകയാണ്. സംശയം, സെക്സ്, ക്രൂരത, മിഥ്യാഭിമാനം, ആർഭാടം തുടങ്ങിയ ശിഥില മനോഭാവങ്ങൾ ചേർന്ന് സംഭ്രമജനമാകുന്ന തകർച്ചയുടെ ചിത്രീകരണം മാധ്യമങ്ങളിൽ കമ്പോളത്തിലെ കസ്റ്റമർമാരുടെ ഇഷ്ടപ്രകാരം മസാല മേമ്പൊടിയായി ചേർത്തു വിളമ്പുന്നു. ഒളിഞ്ഞിരിക്കുന്ന അപകടം അറിയാതിരിക്കരുത്.

ശാസ്ത്ര സാങ്കേതിക വിജ്ഞാനം പകർന്നുകൊടുക്കുന്നതിൽ മാധ്യമങ്ങൾ ശ്രദ്ധേയമായ പങ്കു വഹിക്കുന്നു. പക്ഷെ വിനോദ പരിപാടികൾ പഠനത്തെ സ്വാധീനിക്കുകയും പരസ്യങ്ങൾ പ്രലോഭനങ്ങൾക്കും കാരണമാകുകയും ചെയ്യുന്നു.

മാധ്യമങ്ങളെ ശരിയായി വിലയിരുത്തുകയും പ്രയോജനപ്പെടുത്തുകയും ഉപയോഗിക്കുകയും ചെയ്യേണ്ടത് മൂല്യപോഷണത്തിന് അത്യന്താവശ്യമാണ്. മാധ്യമങ്ങളുടെ പ്രലോഭനങ്ങളിൽ പ്രതികരണശേഷിയോടെ മുന്നേറുവാൻ ഇന്നത്തെ തലമുറ പഠിക്കണം, പഠിപ്പിക്കണം. മധ്യമങ്ങളിലെ വിവേചനാപൂർണ്ണമായ തെരഞ്ഞെടുപ്പിനെ പറ്റി ചർച്ച നടത്തണം. മാർഗ്ഗനിർദേശങ്ങൾ നല്കണം. മാതൃകാപരമായ ജീവിതം സമൂഹത്തിന്റെ മുന്നിൽ കാഴ്ചവയ്ക്കണം. യുവചേതനകളെ തകർക്കുന്ന മാധ്യമത്തിലെ ചതിക്കുഴികളിൽ നിന്ന് നമുക്കും നമ്മുടെ മക്കൾക്കും മാറി നേരായ ഏക മാർഗ്ഗത്തിൽ വിജയത്തിലേക്ക് പ്രയാണം തുടരാം.


വരിസംഖ്യ നിരക്ക്
ഒരുവർഷത്തേക്ക്

| | | |
|---|---|---|
| ഇന്ത്യയിൽ | | :36 രൂപ |
| ഗൾഫ് | | :300 രൂപ |
| യു.എസ് | $ | :10 |
| കാനഡ | $ | :10 |


### ക്ഷണിക്കുന്നു

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ, വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.

*-പത്രാധിപർ*


എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
പാസ്റ്റർ എം. സാമുവൽകുട്ടി

അസ്സോസിയേറ്റ് എഡിറ്റേഴ്സ്
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
പാസ്റ്റർ ബിനോയി പി. ജോൺ
ഷിബു തമ്പി

പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ
ചെറിയാൻ ഡാനിയേൽ


ടൈപ്പ് സെറ്റിങ്ങ് : *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

വചനദീപ്തം

# ദൈവിക ത്രിത്വം



പാസ്റ്റർ മനോജ് തമ്പി
മങ്ങാട്

ക്രൈസ്തവ വിശ്വാസത്തിന്റെ സവിശേഷവും സമഗ്രവുമായ ഉപദേശമാണ് ദൈവത്തിന്റെ ത്രിയേകത്വം. ദൈവം ഏകനാണെന്നും, പിതാവും പുത്രനും പരിശുദ്ധാത്മാവും ദൈവമാണെന്നും പിതാവും പുത്രനും പരിശുദ്ധാത്മാവും വിഭിന്ന ആളത്തങ്ങളാണെന്നുമുള്ള ത്രിത്വോപദേശത്തിന്റെ അടിസ്ഥാന പ്രമേയങ്ങൾ ക്രിസ്തു സഭയുടെ അലംഘനീയമായ നിയമമാണ്. സഭാപിതാവായ അന്ത്യോക്യയിലെ തെയോഫിലസിന്റെ അഭിപ്രായത്തിൽ ത്രിയേകത്വം (Trinity) യുക്തിക്കതീതമാണെങ്കിലും യുക്തി ക്ക് വിരുദ്ധമല്ല. ദൈവിക വെളിപ്പാട് കൂടാതെ മനുഷ്യന്റെ യുക്തി വൈഭവത്താൽ അറിയുവാനോ തെളിയിക്കുവാൻ സാധിക്കുന്നതോ അല്ല പ്രസ്തുത വിഷയം.

പഴയനിയമത്തിന്റെ ആരംഭത്തിൽ തന്നെ എല്ലാറ്റിന്റെയും പ്രഭവസ്ഥാനമായി ത്രിത്വത്തെ നമുക്ക് ദർശിക്കാവുന്നതാണ്. മനുഷനെ സൃഷ്ടിക്കുമ്പോൾ നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക എന്ന് ദൈവം പറയുന്നു.

ഏകത്വത്തിൽ ബഹുത്വം നിർദ്ദേശിച്ചു കൊണ്ട് ഏകവചനവും ബഹുവചനവും പരസ്പരവും മാറ്റി പ്രയോഗിക്കുന്നത് ശ്രദ്ധേയമാണ്. ദൈവവും തന്റെ വചനവും ആത്മാവും സമസ്ഥാനീയവും കാരണഭൂതവുമായി പറയപ്പെടുന്ന അനേകം ഭാഗങ്ങൾ ബൈബിളിലുണ്ട്. ക്രിസ്തുവിന്റെ ജഢധാരണത്തിൽ ദൈവിക ത്രിത്വം വെളിപ്പെട്ടു. മശിഹയുടെ ജനനത്തെക്കുറിച്ച് ഗബ്രിയേൽ ദൂതൻ മറിയയോട് പറയുന്നിടത്ത് ത്രിത്വത്തെയും പരാമർശിക്കുന്നു. ക്രിസ്തുവിന്റെ സ്നാനസമയത്ത് ദൈവിക ത്രിത്വം സ്പഷ്ടമായി വെളിപ്പെട്ടു. ഇവിടെ മൂന്ന് ദൈവിക ആളത്തങ്ങളെയും നാം വ്യത്യസ്തരായി കാണുന്നു. പുത്രൻ സ്നാനപ്പെടുന്നു, പുത്രനെ അംഗീകരിച്ചു കൊണ്ട് പിതാവ് സ്വർഗ്ഗത്തിൽ നിന്ന് സംസാരിക്കുന്നു, പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ ഇറങ്ങിവരുന്നു.

ക്രിസ്തുവിന്റെ ഉപദേശം മുഴുവൻ ത്രിത്വോപദേശത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. പിതാവ് തന്നെ അയച്ചുവെന്നും പിതാവിനെ വെളിപ്പെടുത്തുന്നവനാണ് താനെന്നും പിതാവും താനും പ്രവർത്തിക്കുന്നത് ആത്മാവിലാണെന്നും യേശു പറഞ്ഞു.

ക്രിസ്തുവിന്റെ മഹാനിയോഗത്തിൽ ത്രിത്വത്തിന്റെ വ്യക്തമായ നിർവ്വചനം ക്രിസ്തു നൽകി. സ്വർഗ്ഗാരോഹണത്തിന് മുമ്പായി ലോകമെങ്ങും പോയി സുവിശേഷം അറിയിക്കുവാൻ ശിഷ്യന്മാരോട് ഉപദേശിക്കുമ്പോൾ ത്രിയേക നാമത്തിൽ അവരെ സ്നാനപ്പെടുത്തുവാൻ കൽപ്പിച്ചു (മത്താ. 28:19–20). ലേഖനങ്ങൾ കർത്താവ് പഠിപ്പിച്ച ത്രിത്വത്തെ വ്യക്തമായി രേഖപ്പെടുത്തുന്നു. ത്രിത്വോപദേശത്തെ അപ്പൊസ്തലന്മാർ വിളംബരം ചെയ്തു. പെന്തക്കൊസ്ത് നാളിൽ പരിശുദ്ധാത്മാവിന്റെ പകർച്ചയോടുകൂടി ത്രിത്വത്തിൽ മൂന്നാമനായ പരിശുദ്ധാത്മാവിന്റെ ആളത്വം പ്രത്യക്ഷമായി. അങ്ങനെ ക്രിസ്തുസഭ ത്രിത്വോപദേശത്തിൽ സ്ഥാപിക്കപ്പെട്ടു. അപ്പൊസ്തോലിക ആശീർവാദവും ത്രിത്വോപദേശത്തിലാണ് അടിസ്ഥനപ്പെട്ടിരിക്കുന്നത്. ദൈവം ഏകനാണെന്നും ആ ഏകനിൽ മൂന്ന് ആളത്തങ്ങൾ ഉൾക്കൊള്ളുന്നുവെന്നും എന്നാൽ അവ മൂന്ന് വിഭിന്ന വ്യക്തികളല്ലെന്നും ത്രിത്വം വ്യക്തമാക്കുന്നു.

> **ത്രിത്വത്തിന്റെ പ്രവർത്തനങ്ങളിലുള്ള വൈവിധ്യം വ്യക്തമാണ്. ദൈവത്വത്തിലെ കൂട്ടായ്മയിലേക്ക് ത്രിയേകത്വം വിരൽ ചൂണ്ടുന്നു. ദൈവത്തിൽ തന്നെ കൂട്ടായ്മയുള്ളത് കൊണ്ട് സ്വന്തം സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനും കൂട്ടായ്മയിൽ മാത്രമാണ് ജീവന്റെ പൂർണ്ണത അനുഭവിക്കുന്നത്. അത് പ്രതിഫലിക്കുന്നത് വിവാഹത്തിലും, കുടുംബത്തിലും സമൂഹത്തിലും എല്ലാറ്റിലും ഉപരിയായി സഭയിലുമാണ്.**

ദൈവിക ആളത്തങ്ങൾക്ക് തമ്മിൽ പദവിയിലും മഹാത്മ്യത്തിലും സമ്പൂർണ്ണ സമത്വമുണ്ട്. എന്നാൽ ത്രിത്വത്തിന്റെ പ്രവർത്തനങ്ങളിലുള്ള വൈവിധ്യം വ്യക്തമാണ്. ദൈവത്വത്തിലെ കൂട്ടായ്മയിലേക്ക് ത്രിയേകത്വം വിരൽ ചൂണ്ടുന്നു. ദൈവത്തിൽ തന്നെ കൂട്ടായ്മയുള്ളത് കൊണ്ട് സ്വന്തം സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനും കൂട്ടായ്മയിൽ മാത്രമാണ് ജീവന്റെ പൂർണ്ണത അനുഭവിക്കുന്നത്. അത് പ്രതിഫലിക്കുന്നത് വിവാഹത്തിലും, കുടുംബത്തിലും സമൂഹത്തിലും എല്ലാറ്റിലും ഉപരിയായി സഭയിലുമാണ്. ക്രിസ്തീയ കൂട്ടായ്മ ഭൂമിയിലുള്ള ഏറ്റവും വലിയ ദൈവിക ദാനമാണ്. ക്രിസ്തു പ്രാർത്ഥിച്ചതുപോലെ (അവർ എല്ലാവരും ഒന്നാകേണ്ടതിന്, പിതാവേ നീ എന്നിലും ഞാൻ നിന്നിലും ആകുന്നത് പോലെ) നമുക്കും പ്രാർത്ഥിക്കാം...

(നാലാം പേജിൽ നിന്നുള്ള തുടർച്ച)

# ക്രൂശിന്റെ സന്ദേശം

ഉപയോഗിച്ചാണ് ഇതു പൊക്കുകയും താഴ്ത്തുകയും ചെയ്യുന്നത്. ആ പാലത്തിന്റെ പ്രവേശന കവാടത്തിൽ ഒരു കുട്ടിയുടെ അറ്റുപോയ ശരീരാവയവങ്ങൾ വാരിക്കൂട്ടി മാറോടു ചേർത്ത് പിടിച്ചു വിലപിക്കുന്ന, മദ്ധ്യവയസ്ക്കനായൊരു മനുഷ്യന്റെ ചിത്രം വെച്ചിരിക്കുന്നത് കാണാം.

പാലം ഉയർത്തുവാനും താഴ്ത്തുവാനും ഈ വ്യക്തിയെ അവിടെ നിയമിച്ചതായിരുന്നു. ഒരിക്കൽ കപ്പൽ പോയ ശേഷം ഈ പാലം വലിയ പൽചക്രങ്ങൾ ഉപയോഗിച്ച് കറക്കി താഴ്ത്തികൊണ്ടിരിക്കുമ്പോൾ പെട്ടെന്ന് ദൂരെ നിന്നും ട്രെയിൻ വരുന്ന ശബ്ദം കേട്ടു. എത്രയും വേഗം പാലം താഴ്ത്തിയില്ലെങ്കിൽ വേഗത്തിൽ ഓടിവരുന്ന ട്രെയിൻ കടലിൽ പതിക്കുകയും അനേകർ മരിക്കുകയും ചെയ്യും. അയാൾ വേഗം ചക്രങ്ങൾ കറക്കി താഴ്ത്തിക്കൊണ്ടിരുന്നു. ഈ സമയം അയാളുടെ 9 വയസ്സുള്ള മകൻ തനിക്ക് ഭക്ഷണവുമായി കടന്നു വന്നു. തന്റെ പിതാവിന്റെ കഷ്ടപ്പാട് കണ്ട് ഭക്ഷണപൊതി താഴെ വെച്ചു പിതാവിനെ സഹായിക്കുവാൻ തുടങ്ങി. പെട്ടന്ന് അവന്റെ കൈ വിരലുകൾ കറങ്ങിക്കൊണ്ടിരുന്ന ചക്രത്തിനുള്ളിൽ പെടുകയും അവൻ ഉറക്കെ നിലവിളിക്കാനും തുടങ്ങി. തന്റെ മകനെ രക്ഷപ്പെടുത്തുവാൻ ശ്രമിച്ചാൽ ചുരുങ്ങിയ സമയം കൊണ്ട് പാലം താഴ്ത്തുവാൻ സാധിക്കാതെ ട്രെയിൻ കടലിൽ പതിക്കുകയും ആയിരങ്ങൾ മരിക്കയും ചെയ്യും.

തന്റെ മകനെ മറന്നു ആ പിതാവ് യന്ത്രത്തിന്റെ ചക്രങ്ങൾ വളരെവേഗം തിരിച്ചുകൊണ്ടിരുന്നു. ഈ സമയം തന്റെ ഓമനപുത്രൻ ആ വലിയ യന്ത്രത്തിലേക്ക് വഴുതിവീണു. ഒരു വലിയ നിലവിളി അയാൾ കേട്ടു. അപ്പാ എന്നെ രക്ഷിക്കണേ... രക്ഷിക്കണേ. നിസ്സഹായനായി ആ ചക്രങ്ങൾ വലിച്ചു പാലം അടുപ്പിച്ചു. ട്രെയിൻ കടന്നു പോയി. തന്റെ ഓമനപുത്രന്റെ ചിതറിയ ശരീരഭാഗങ്ങൾ മാറോട് ചേർത്തു പിടിച്ച് ഒരു ഭ്രാന്തനെപ്പോലെ അയാൾ വാവിട്ടു കരഞ്ഞു. കരളലിയിക്കുന്ന ഈ ചിത്രത്തെക്കാൾ എത്ര വലിയതായിരുന്നു സ്വന്തം മകനെ മാനവജാതിയുടെ രക്ഷയ്ക്കായി കാൽവറിയിൽ പിതാവാം ദൈവം കൈവിട്ടത്.

**സി. സാത്താനെ തകർക്കുകയായിരുന്നു**

ലൂസിഫർ പാപം ചെയ്തു അവൻ പിശാചായി ദൈവപ്രവൃത്തികളെ തടസം ചെയ്യുന്നു (എഫെ.2:13). അവൻ ജനത്തെ അടിമത്വത്തിലേക്കും ഒടുവിൽ നരകത്തിലും എത്തിക്കും. പിശാചിന്റെ പ്രവൃത്തികൾക്കു ആഘാതം ഏറ്റ ഇടം കാൽവറിയായിരുന്നു. യേശുക്രിസ്തുവിന്റെ ഉപവാസാനന്തം പിശാച് അവന്റെ അടുക്കലെത്തി വചനം കൊണ്ടുള്ള ഒരു തരം ഷോ നടത്തി യേശു അതിനു വചനത്തിലൂടെ ഉത്തരം നൽകി. പരാജിതനായി പിശാച് അവിടെ നിന്നും മടങ്ങി എങ്കിലും തന്റെ ശിഷ്യനായ പത്രൊസിലൂടെ യേശുവിനെ ആക്രമിക്കാൻ നോക്കി. എന്നാൽ ക്രൂശിനെ കണ്ട് അട്ടഹസിച്ചിരിക്കാം പിശാച് ക്രിസ്തു എന്ന ദൈവപുത്രന്റെ പരാജിതസ്ഥലം എന്ന് അവന് തോന്നിയിരിക്കാം.

എന്നാൽ ക്രൂശ് യേശുക്രിസ്തുവിന്റെ പരാജയ സ്ഥലമല്ല. വിജയത്തിന്റെ സ്ഥലം ആയിരുന്നു (കൊലൊ.2:14,15). അവന്റെ ആയുധവർഗ്ഗം അടിയറവച്ച് ജയഘോഷം കൊണ്ട സ്ഥലമായിരുന്നു ക്രൂശ് (വെളി. 12:11, 1 പത്രൊ. 5:8)

**iii. ക്രൂശിന്റെ ശക്തി (The Power of the Cross)**

ക്രൂശിന്റെ ശക്തി എന്താണ്? നമ്മുടെ ഭയം മാറ്റുന്ന ഉപകരണമോ, ആയുധമോ അലങ്കാരത്തിനുള്ള ആഭരണമോ അല്ല. പിന്നെയോ, അതിന്റെ ശക്തി നാം തിരിച്ചറിയണം.

ക. പാപത്തിന്റെ നാശം വരുന്നിടം (റോമ. 6:6–14, 2 കൊരി. 5: 17).

ഖ. നരകം തകർക്കപ്പെട്ടു (റോമ. 8:1, യോഹ.5:24, മത്താ. 28:1).

പാപികളായ മനുഷ്യവർഗ്ഗത്തെ തന്റെ അനുയായികളാക്കി നരകത്തിലെത്തിക്കാം എന്നതായിരുന്നു പിശാചിന്റെ ചിന്ത എങ്കിൽ ക്രൂശുമരണം അതിന് വിഘാതമായി. നരകം തകർക്കപ്പെട്ടിടമായി.

ഗ. സ്വർഗ്ഗം തുറന്നു (യോഹ.14:13, യോഹ. 3:3,2)

അടയപ്പെട്ടിരുന്ന സ്വർഗ്ഗവാതിൽ പുത്രന്റെ മരണത്താൽ പിതാവ് തുറന്നു.

ഘ. വിഭാഗീയത മാറ്റി (എഫെ. 2:13)

ക്രൂശിന്റെ ശക്തി മത, ജാതി, വർഗ്ഗ, വർണ്ണങ്ങളെ പിഴുതെറിയുന്നതായിരുന്നു. ക്രൂശ് മാനവജാതിക്കേകിയ വിപ്ലവകരമായ മാറ്റം മനുഷ്യർ തമ്മിലുള്ള ചരിത്രം മാറ്റി എന്നതാണ്. തൊഴിലാളി, മുതലാളി, ദാസ, യജമാന വ്യത്യാസം മാറ്റി. ക്രിസ്തുവിൽ ഏവരും ഒന്നായി തീർന്നൊരു സമൂഹമായി മാറി. യഹൂദ-യവന, പണ്ഡിത-പാമര, ആണ്-പെൺ, കറുത്തവൻ വെളുത്തവൻ, ബ്രാമണ, ക്ഷത്രിയ, വൈശ്യ, ശുദ്ര എന്നീ എല്ലാ വിഭാഗീയതയും ക്രൂശിൽ മാറ്റപ്പെട്ടു. സർവ്വസാഹോദര്യത്തിന്റെ ലോകമേ തറവാട് എന്ന സങ്കല്പത്തിന്റെ യാഥാർത്ഥ്യം ക്രൂശിലെ സന്ദേശം നമുക്കേകുന്നു.

ജോൺ വെസ്ലി എന്ന അനുഗ്രഹീത സുവിശേഷകൻ ഒരു യോഗം കഴിഞ്ഞ് മടങ്ങുമ്പോൾ കൊള്ളക്കാരന്റെ കൈയ്യിൽ അകപ്പെട്ടു. തന്റെ ബാഗ് അയാൾ തട്ടിയെടുത്തു. അതിൽ അല്പം പണവും കുറച്ചു ലഘുലേഖകളും മാത്രമുണ്ടായിരുന്നു. മടങ്ങുമ്പോൾ വെസ്ലി പുറകിൽ നിന്ന് വിളിച്ചു. ഒന്ന് നിൽക്കൂ, ഇതിലും വിലയേറിയത് ഒന്ന് നിനക്ക് നൽകുവാൻ എന്റെ പക്കലുണ്ട്. ധൃതിയിൽ നടന്ന അയാൾ അവിടെ നിന്നു. വെസ്ലി കൊള്ളക്കാരനോട് എന്റെ സ്നേഹിതാ, ഇത്തരം പ്രവർത്തികളിൽ കുറ്റബോധത്തോടെ നിനക്ക് ജീവിക്കേണ്ടിവരും. എന്നാൽ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കും. ഇത് കേട്ട് അയാൾ മടങ്ങി. ചില നാളുകൾക്ക് ശേഷം വെസ്ലി തന്റെ സഭയിലെ ആരാധന കഴിഞ്ഞ് അപരിചിതരെ പരിചയപ്പെടുന്ന സമയം ഇദ്ദേഹം തന്നെ പരിചയപ്പെടുത്തി. അന്ന് എന്നോട് പറഞ്ഞ വാക്കുകൾ എന്നെ ഒരു ദൈവപൈതലാക്കിമാറ്റി. ഇന്ന് ഒരു വിശ്വാസിയും ബിസിനസ്കാരനുമാണ് ഞാൻ. അതേ പ്രിയരേ, ക്രൂശിലെ സന്ദേശം ഇന്നും പ്രസക്തിയുള്ളതാണ്.

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

NEWSPAPER REGN. No. 65362 / 97
POSTAL REGN.NO. DL 07 / 0138 / 15 - 17
Date of Publication - 5th May 2015

Tel : 91 9810084388, e-mail : icm4india@yahoo.com, website- www.indianchristianmission.com

Price Rs. 3/-

(മാർച്ച് ലക്കത്തിന്റെ തുടർച്ച)

## ക്രൂശിന്റെ സന്ദേശം



പാസ്റ്റർ പി. സോളമൻ
വിളക്കുടി

**2. ഞെട്ടിപ്പിക്കുന്ന സന്ദേശം (A Shocking Message)**

ഭയാനകവും മൃഗീയവുമായിരുന്നു ക്രിസ്തുവിന്റെ മരണം. നമ്മുടെ രക്ഷക്കായി അവൻ അനുഭവിച്ച വേദന ഭാവന കാണുവാൻ പറ്റാത്തതാണ്. അസ്സീറിയക്കാർ പേർഷ്യാക്കാർ ഫൊയ്നീഷ്യർ എന്നിവർ കുറ്റവാളികളെ ശിക്ഷിക്കാൻ ഉപയോഗിച്ച ക്രൂശീകരണം റോമക്കാർ കടം എടുത്തു. ആണി തറച്ചു കൊല്ലുന്ന രീതി അവംലബിച്ചത് റോമാക്കാരാണ്.

ക്രൂശിക്കുന്നതിനു മുമ്പ് അവന്റെ ശരീരത്തെ അവർ ചെയ്തത് ശ്രദ്ധിക്കൂ. ചമ്മട്ടി കൊണ്ടടിച്ചു (മത്തായി 27:26), തല്ലി (ലൂക്കോ.22: 63,64), തുപ്പി (മത്താ.27:30), താടിരോമം പറിച്ചു (യെശ.50:6), പരിഹസിച്ചു (മത്താ. 27:26–29), നഗ്നനാക്കി (മത്താ. 27:35), ക്രൂശിൽ തറച്ചു (മത്താ.27:38, യോഹ. 20:25), കയ്പുള്ള പാനപാത്രം നൽകി (യെശ.52:14, ലൂക്കോ. 22:41,42).

ഈവിധ ക്രൂരപീഡനങ്ങൾ ആർക്കും സഹിക്കാൻ പറ്റുമോ. ഓരോ കോശവും ശക്തിയായി വേദനിച്ചില്ലേ. ക്രിസ്തു അനുഭവിച്ച പീഡനചിത്രം വായിക്കുന്ന, കേൾക്കുന്ന ഏതൊരുവനിലും ഞെട്ടൽ ഉളവാക്കും.

**3. ലളിത സന്ദേശം (A Simple Message)**

കർമ്മങ്ങൾക്കും ആചാരാനുഷ്ടാനങ്ങൾക്കും പ്രാധാന്യമേറുന്ന സമയം. മതങ്ങൾ ഇത്തരം കാര്യങ്ങൾക്കു പ്രോത്സാഹനം നൽകുമ്പോൾ ക്രൂശിന്റെ സന്ദേശം വളരെ ലളിത സന്ദേശമാണ്. ക്രൂശിൽ വിശ്വസിക്കുന്ന ഏതൊരു വ്യക്തിക്കും രക്ഷ സൗജന്യമാണ്. ക്രൂശ് എന്ന ആയുധമല്ല ക്രൂശിലെ വ്യക്തിയാണ് അവിടുത്തെ മരണത്തിന്റെ സന്ദേശം ലളിതമാണ്.

മനുഷ്യന്റെ പാപങ്ങൾക്ക് ഇനി ഒരു ബലിയുടെയും അർപ്പണ ദർപ്പണത്തിന്റെയും ആവശ്യമില്ല. എന്നേക്കുമുള്ള ബലി അവിടുന്ന് അർപ്പിച്ചു മനുഷ്യ വിമോചനം ഏകിയിരിക്കുന്നു(എബ്രാ. 9:15–22)

**ക്രൂശിന്റെ ശക്തി മത, ജാതി, വർഗ്ഗ, വർണ്ണങ്ങളെ പിഴുതെറിയുന്നതായിരുന്നു. ക്രൂശ് മാനവജാതിക്കേകിയ വിപ്ലവകരമായ മാറ്റം മനുഷ്യർ തമ്മിലുള്ള ചരിത്രം മാറ്റി എന്നതാണ്. തൊഴിലാളി, മുതലാളി, ദാസ, യജമാന വ്യത്യാസം മാറ്റി. ക്രിസ്തുവിൽ ഏവരും ഒന്നായി തീർന്നൊരു സമൂഹമായി മാറി**

**II. ക്രൂശിന്റെ ഉദ്ദേശ്യം (The purpose of the Cross)**

മാനവകുലത്തിന്റെ പാപം പരിഹരിക്കാനവതരിച്ച ക്രിസ്തുവിന്റെ ക്രൂശിലെ മരണ ഉദ്ദേശ്യം എന്തായിരുന്നു.

**എ. ഒരു പ്രസ്താവന നല്കലായിരുന്നു.**

പഴയനിയമത്തിൽ ദൈവം തന്റെ ജനമായ യിസ്രയേലിനെ സ്നേഹിക്കുന്നു എന്നു പറയുകയായിരുന്നു (ആവ. 7:7,8, യരെ. 31:3). ക്രൂശിൽ തന്റെ സ്നേഹം പ്രദർശിപ്പിക്കുകയായിരുന്നു (റോമ.5:6–8, യോഹ. 3:16, 15 :13).

**ബി. രക്ഷയുടെ കരുതൽ**

ആടുകളുടേയും കാളകളുടേയും രക്തം പാപപരിഹാരത്തിനായി ഉപയോഗിച്ചു. കാരണം, മൃഗങ്ങളിൽ പാപം ഇല്ലായിരുന്നു. എന്നാൽ, യേശു ക്രിസ്തു പാപിയല്ലാതെ, പാപം ചെയ്യാതെ, അവന്റെ വായിൽ വഞ്ചന ഒന്നുമില്ലാതെ ജീവിക്കുകയും അവന്റെ മരണത്താൽ നമുക്ക് രക്ഷ ലഭ്യമാക്കി തരുകയും ചെയ്തു(എബ്രാ. 9:22, യോഹ.10:28, എബ്രാ. 10:4, 10–11, വെളി.1:5, 1 പത്രൊ. 1:18,19).

വളരെ പ്രസിദ്ധമായ ഒരു സംഭവം ഞാൻ വായിച്ചത് ഓർക്കുന്നു. നൂറിലധികം വർഷങ്ങൾക്കുമുമ്പ് ബ്രിട്ടീഷ് ഭരണകാലത്ത് തമിഴ്നാട്ടിൽ സംഭവിച്ച ഒരു കഥയാണിത്.

രാമേശ്വരത്ത് കടലിന്റെ മുകളിൽക്കൂടി നിർമ്മിച്ചിരിക്കുന്ന കടൽപാലമാണ് പാമ്പൻ പാലം. കപ്പൽ വരുമ്പോൾ പാലത്തിന്റെ നടുഭാഗം ഉയർത്തികൊടുക്കുന്നു. കപ്പൽ പോയശേഷം ഈ ഭാഗം താഴ്ത്തുമ്പോൾ അതിലൂടെ ട്രെയിൻ കടന്നു പോകുന്നു. വലിയ ചക്രങ്ങൾ

(ശേഷം മൂന്നാം പേജിൽ)

ക്രമീകൃത വേദപഠനത്തിന് ഒരു അംഗീകൃത സ്ഥാപനം

**ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ്**

(ഒരു ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്ഥാപനം)

വിജയകരമായ പത്താം വർഷത്തിലേക്ക് പ്രവേശിക്കുന്നു

| കോഴ്സ് | കാലദൈർഘ്യം | യോഗ്യത | മാധ്യമം |
|---|---|---|---|
| ബാച്ചിലർ ഇൻ തിയോളജി | 3 വർഷം | +2, എച്ച്. എസ്. ഇ. | ഇംഗ്ലീഷ് |
| ഡിപ്ലോമ ഇൻ തിയോളജി | 2 വർഷം | എസ്. എസ്. എൽ. സി | മലയാളം |
| സർട്ടിഫിക്കറ്റ് ഇൻ തിയോളജി | 2 വർഷം | എസ്. എസ്. എൽ. സി | മലയാളം |

സവിശേഷതകൾ

സുവിശേഷീകരണത്തിൽ പ്രായോഗിക പരിശീലനം
യോഗ്യതയും ആത്മനിറവുമുള്ള അധ്യാപകർ
പഠനാനന്തരം ശുശ്രൂഷയ്ക്കുള്ള അവസരങ്ങൾ
അയാട്ട (IATA) അംഗീകൃതം

പരിമിതമായ സീറ്റുകൾ. ഉടൻ അപേക്ഷിക്കുക

*റഗുലർ ബാച്ചിൽ പഠിക്കുവാൻ കഴിയാത്ത ഉദ്യോഗസ്ഥർക്കും സുവിശേഷവേലയിൽ താല്പര്യമുള്ള കുടുംബസ്ഥർക്കും വേണ്ടി സി.റ്റി.എച്ച് സായാഹ്ന കോഴ്സ്.*

അടുത്ത ബാച്ച് 2015 ജൂൺ7ന് ആരംഭിക്കുന്നു. പ്രോസ്പക്ടസിനും അപേക്ഷാഫോറത്തിനും കോളജുമായി ബന്ധപ്പെടുക.

Faith Celebration Bible College, Shanthy Nagar, Police Station Road, Adoor PO, Pathanamthitta, Kerala 691523,
Ph. 04734 - 225213, 9961813058 E-Mail:- fcbcadur@yahoo.com, Website: www.indianchristianmission.com

ഉറവ

## മാധ്യമസംസ്കാരവും ചതിക്കുഴികളും



ഇവാ. ജോൺ സാമുവൽ
മണക്കാല

ധാന്യമണികൾ സംഭരിച്ചു സൂക്ഷിച്ചിരുന്ന പണ്ടത്തെ പത്തായംപോലുള്ള റേഡിയോ ബാല്യകാലത്ത് ഒരിക്കൽ ഞാൻ കണ്ടതായി ഓർക്കുന്നു. ആരൊക്കെയോ അതിനുള്ളിൽ കയറിയിരുന്ന് വാർത്തകൾ വായിക്കുകയോ സംസാരിക്കുകയോ ആണെന്നായിരുന്നു എന്റെ ചിന്ത. കാലം മാറി! റേഡിയോയുടെ രൂപവും ഭാവവും മാറി!! മിഥ്യാധാരണകൾ യാഥാർത്ഥ്യങ്ങൾക്കും വഴിമാറി.

അതുപോലെതന്നെ തകരപാട്ട വെട്ടിപ്പൊളിച്ച് അടിച്ചുനിരത്തി, വീണ്ടും വളച്ചുചുരുട്ടി മെഗാഫോൺ നിർമ്മിച്ച് കുന്നിൻ മുകളിൽ കയറി അതിലൂടെ വചന സന്ദേശം ഉറക്കെ വിളിച്ചു പറഞ്ഞിരുന്ന പൂർവ്വികന്മാരുടെ കാലം! എന്നാൽ ഇന്ന് അത്യാധുനിക സൗണ്ട് സിസ്റ്റം അരങ്ങുകൾ കീഴടക്കിക്കഴിഞ്ഞു.

പെരുമ്പറ മുഴക്കി നാട്ടാരെ വിളിച്ചുകൂട്ടി നാടാകെ അധികാരികൾ ഔദ്യോഗിക അറിയിപ്പുകൾ വിളംമ്പരം ചെയ്തിരുന്ന രീതി, ഒരിടത്തുനിന്നും മൈലുകൾക്കപ്പുറമുള്ള മറ്റൊരിടത്തേക്ക് കത്തുമായി ഓടിയെത്തിയിരുന്ന അഞ്ചൽക്കാർ, സൗഹാർദ്ദം– പ്രണയം– കുടുംബക്കാര്യം ഒക്കെ വടിവൊത്ത കൈയ്യക്ഷരത്തിൽ പരസ്പരം എഴുതി അറിയിക്കുവാൻ ഉപയോഗച്ചിരുന്ന ലെറ്റർ കാർഡ്, ഇൻലെന്റ് ഏയ്റോഗ്രാം, സമ്മേളന സ്ഥലങ്ങളിലേക്ക് ആനയിക്കാൻ ഉപയോഗിച്ചിരുന്ന രഹസ്യചിഹ്നങ്ങളും അടയാളങ്ങളും, പഴയ ബ്ലാക്ക് & വൈറ്റ് ടെലിവിഷൻ, കൈയ്യഴുത്തു മാസികളും പത്രങ്ങളും ലെറ്റർ പ്രസ്സും ഒക്കെ പഴമയായി, ഓർമ്മ കഥകളായി എന്നത് തർക്കമറ്റ യാഥാർത്ഥ്യമാണ്.

മാറ്റത്തിന്റെ ദ്രുതപാതയിൽ വാർത്താവിനിമയമാർഗ്ഗങ്ങളും വിവര സാങ്കേതിക വിദ്യകളും അപ്പാടെ മാറിക്കഴിഞ്ഞു. ഇന്ന് ലോകം മുഴുവൻ വിരൽതുമ്പിലാണ്.

ഇന്റർനെറ്റും സോഷ്യൽ മീഡിയകളും കാണാമറയത്തിരിക്കുന്ന വ്യക്തികളോട് പരസ്പരം ഹൃദയം തുറന്ന് സംസാരിക്കാനും ബന്ധങ്ങൾ സ്ഥാപിക്കാനുമുള്ള മാർഗ്ഗങ്ങളായി മാറിയിരിക്കുന്നു. പഴയ കൂട്ടുകുടുംബ വ്യവസ്ഥയിൽ നിന്നും വഴുതിമാറി വർത്തമാനകാലത്ത് അണുകുടുംബങ്ങൾ അതിരറ്റ ആനന്ദം വേണ്ടുവോളം ആസ്വദിക്കുവാൻ പെടാപാട് പെടുന്നു. തിരക്കുപിടിച്ച ജീവിത ശൈലികൾ കുടുംബത്തിലെ വ്യക്തികളുടെ ആരോഗ്യപരമായ ദൃഢഹൃദയ ബന്ധങ്ങൾക്ക് അയവ് വരുത്തുന്നു. ഒടുവിൽ ഏകാന്തതയുടെ തുരുത്തിലേക്ക് പലരും പ്രത്യേകിച്ച് തലമുറകൾ ഒറ്റപ്പെടുന്നു. ഒറ്റപ്പെടൽ, നിരാശ, ഉന്മേഷകുറവ്,അലസത, ശാരീരിക മാനസിക വൈകല്യങ്ങൾ എന്നിവയ്ക്ക് വഴിതെളിയിക്കുന്നു. ഇതിനിടയിൽ സോഷ്യൽ മീഡിയകൾ ഇക്കൂട്ടർക്ക് ഒരു പരിഹാരമാർഗ്ഗമായി തോന്നും. പതുക്കെ പതുക്കെ ആ വലയ്ക്കുള്ളിൽ അകപ്പെടുന്നു. ആദ്യാഹ്ലാദം അവസാനം ദാരുണമായ അപകടത്തിലേക്ക് പലരെയും എത്തിക്കുന്നു. വിരുന്നുകാരാനായെത്തി പിന്നീട് വീട്ടുകാരനായി ഒടുവിൽ വില്ലാളിയായി നിശബ്ദ കൊലയാളിക്കു തുല്യം പലതും പലരും പരിണമിക്കുന്നു. അമ്മയുടെ മടിത്തട്ടിൽ എന്ന പഴയരീതി മാറി ഇന്റർനെറ്റിന്റെ മടിത്തട്ടിൽ ജനിച്ചുവീഴുന്ന പുതിയ തലമുറയ്ക്ക് സ്മാർട്ട് ഫോണും, ടാബ്ലറ്റും, ഐപാഡും ലാപ്ടോപ്പും ഫെയ്സ്ബുക്ക്, ഓർക്കൂട്ട്, ടിിറ്റർ, യൂടൂബ്, ഗൂഗിൾ പ്ലസ് തുടങ്ങി നിരവധി നൈറ്റ്വർക്ക് സൈറ്റുകൾ ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നായി തീർന്നിരിക്കുന്നു.

മീഡിയാകളിലൂടെ ലഭിക്കുന്ന പല സൗഹാർദങ്ങളും പ്രണയ ബന്ധത്തിലേക്ക് പിരിയാബന്ധത്തിലേക്കും മാന്യതയുടെ മറകൾ മാറ്റി വികാരതീവ്രതയിൽ പരീക്ഷണാർത്ഥം നിയമപരമല്ലാത്ത വഴിപിഴച്ച ശാരീരിക ബന്ധത്തിലേക്കും പലരേയും കൊണ്ടെത്തിക്കുന്നു. അരുതുകളുടെ അതിരുകൾ തകർത്ത് വ്യത്യസ്തങ്ങളായ ചതിക്കുഴികളിൽ വീണ് ഒരിക്കൽ പവിത്രമായിരുന്ന കുടുംബജീവിതം പളുങ്കുപാത്രം പോലെ ഒന്നിപ്പിരക്കാൻ കഴിയാത്ത വിധത്തിൽ തകരുന്നു.

'അരിമണി ഒരുതരിയില്ലെങ്കിലും തരിവളകിലുക്കി നടക്കാൻ തരുണികൾക്കെന്തുമോഹം' എന്നു പറഞ്ഞത് പോലെയാണ് ഇന്ന് പലരുടെയും ജീവിതം. നിത്യവൃത്തിക്കു വകയില്ലെങ്കിലും സോഷ്യൽ നെറ്റ് വർക്ക് സൈറ്റുകളിൽ നിന്നും ഒരു നിമിഷം മാറിയുള്ള ജീവിതം മരണ ദഃഖമാണ് പലരിലും സൃഷ്ടിക്കുന്നത്. ഹൈടെക് യുഗത്തിൽ പവിത്രങ്ങളായ ധാർമ്മിക മൂല്യങ്ങൾക്ക് പ്രസക്തിയോ യാതൊരു വിലയോ കൽപ്പിക്കാത്ത വർത്തമാനകാല തലമുറ!

കുട്ടികളിലെ ചില വിചിത്ര സ്വഭാവങ്ങൾ മാതാപിതാക്കളെ അസ്വസ്ഥതപ്പെടുത്താൻ തുടങ്ങും. സഭ്യതയില്ലാത്ത പെരുമാറ്റം, കൂട്ടുകാരെ ഉപദ്രവിക്കുന്നു, മാതാപിതാക്കളോട് ധിക്കാരമായി പെരുമാറുന്നു. ഏതെങ്കിലും കുറ്റത്തിന് ശാസിച്ചാൽ ആത്മഹത്യ ചെയ്യുമെന്ന ഭീഷണിപ്പെടുത്തൽ. മക്കൾ ഈ സ്വഭാവങ്ങളൊന്നും വീട്ടിൽ നിന്ന് കണ്ടുപഠിച്ചതല്ലെന്ന് പല മതാപിതാക്കളും നെഞ്ചത്ത് കൈവച്ച് പറയുന്നു. തികച്ചും മാതൃകാപരമായി പെരുമാറുന്ന മാതാപിതാക്കളുടെ മക്കളിൽ പോലും എന്തേ ഇത്തരം പെരുമാറ്റവൈകല്യത്തിന് കാരണം?

(ശേഷം രണ്ടാം പേജിൽ)

Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442